# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1457

14.06.2013 - ലെ
മറുപടിക്ക്

### കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി

ചോദ്യം
ശ്രീ. എം.എ. ബേബി

മറുപടി
ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | |
|---|---|
| എ കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | എ ഉണ്ട്. |
| ബി 2012-13-ൽ ഈ പദ്ധതിയിൻ പ്രകാരം ആനുകൂല്യങ്ങൾ നൽകിയതിന്റെ വിശദാംശങ്ങൾ നൽകാമോ; | ബി കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി പ്രകാരം കുരുമുളക്, ഏലം, കൊക്കോ, കാപ്പി, അടക്ക, ഇഞ്ചി എന്നീ വിളകൾക്കുണ്ടാകുന്ന വിലയിടിവിന് പരിഹാരമായി കർഷകർക്ക് ധനസഹായം നൽകുന്നു. 2009-10-ൽ പദ്ധതിയുടെ കോർപ്പസ് ഫണ്ടായി 10 കോടി രൂപ കൃഷി ഡയറക്ടറുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2011-12 വർഷത്തിലാണ് ഏലം കൂടി പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് ഒരു കോടി രൂപ കൃഷി ഡയറക്ടറുടെ ടി.എസ്.ബി. അക്കൗണ്ടിലെ കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചത്. ഓരോ വിളകളുടെയും വാർഷിക പ്രൈസ് സ്പ്രെഡും ബാന്റ് നിശ്ചയിച്ചതിനുശേഷം, നെഗറ്റീവ് പ്രൈസ് ഫ്ലക്ചേഷൻ അന്താരാഷ്ട്ര സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി കാണുന്നപക്ഷം, പദ്ധതിയാനുകൂല്യത്തിന് പരിഗണിക്കുന്നു. കഴിഞ്ഞ മൂന്നു വർഷത്തെ ശരാശരി ഉല്പാദനത്തേയും വിലയെയും ആസ്പദമാക്കിയാണ് സാമ്പത്തിക സഹായത്തിന്റെ തോത് നിശ്ചയിക്കുന്നത്. 2012 വർഷത്തിൽ ജനുവരി-ഫെബ്രുവരി മാസത്തിൽ ഇഞ്ചിക്കുണ്ടായ വിലയിടിവിന് പരിഹാരമായി പദ്ധതിയിൽ ഹെക്ടറിന് 25,000/- രൂപ നിരക്കിൽ ആനുകൂല്യം അനുവദിക്കുകയും 729.6083 ലക്ഷം രൂപ കൊല്ലം, പത്തനംതിട്ട, മലപ്പുറം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| സി ഈ ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തുവെന്നറിയിക്കാമോ? | സി ഈ ഇനത്തിൽ ആകെ 729.6083 ലക്ഷം രൂപയാണ് വിതരണം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ